പശ്ചിമഘട്ടം:
സംഭാഷണം

ഫോട്ടോ: എൻ.

"ശുദ്ധജലത്തിന്റെ സംരക്ഷണം കൂടിയാണ് നമുക്ക് വനസംരക്ഷണം. നല്ല വെള്ളം കിട്ടാനുള്ള സ്രോതസ്സായി പശ്ചിമഘട്ടം നമുക്ക് സംരക്ഷിക്കാൻ കഴിയണം. ഭൂമി കൈമാറ്റം ചെയ്യപ്പെടാനോ വിൽക്കാനോ പറ്റില്ല എന്ന് വനാവകാശ നിയമം കൃത്യമായി പറയുന്നുണ്ടെങ്കിലും വനാശ്രിത സമൂഹങ്ങൾ ശക്തിപ്പെടാതെ അത് നടക്കുമോ എന്ന് എനിക്ക് സംശയമുണ്ട്."

മരക്കച്ചവടത്തിൽ നിന്നും ജൈവവൈവിധ്യ സംരക്ഷണത്തിലേക്ക് ചുവടുമാറ്റിയ വനംവകുപ്പിന് ആ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള വ്യക്തമായ ദിശാബോധം നൽകിയ ഉദ്യോഗസ്ഥനായിരുന്നു അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായി രാജിവച്ച പി.എൻ. ഉണ്ണികൃഷ്ണൻ. തദ്ദേശീയരുടെ പങ്കാളിത്തം കൂടി വനം സംരക്ഷണത്തിൽ ഉറപ്പുവരുത്തിയതിലൂടെ വനംവകുപ്പിനെ ജനാധിപത്യവത്കരിക്കുന്നതിനും അദ്ദേഹം മുൻകൈയെടുത്തു. കാടിനെ സ്നേഹിക്കുന്ന, നിലനിർത്താൻ യത്നിക്കുന്ന പരിസ്ഥിതി പ്രവർത്തകരിലേക്കും നീണ്ടുചെല്ലുന്ന സൗഹൃദങ്ങളുണ്ടായിരുന്ന അദ്ദേഹം സംസാരിക്കുന്നു.

പി.എൻ. ഉണ്ണികൃഷ്ണൻ / കേരളീയം

**വനസംരക്ഷണവുമായി ബന്ധപ്പെട്ട വനംവകുപ്പിന്റെ പ്രവർത്തനങ്ങളെ ഏറെ പരിഷ്കരിക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥനാണല്ലോ താങ്കൾ. പ്രത്യേകിച്ച് മരക്കച്ചവടത്തിൽ നിന്നും ജൈവവൈവിധ്യ സംരക്ഷണത്തിലേക്ക് വനം വകുപ്പ് മാറുന്ന വളരെ നിർണ്ണായകമായ ഒരു കാലത്ത് പ്രധാനപ്പെട്ട റോളിൽ താങ്കളുണ്ടായിരുന്നു. പങ്കാളിത്ത വനപരിപാലനത്തിനും വനാവകാശ നിയമത്തിന്റെ നടത്തിപ്പിനും അഹാഡ്സിനുമെല്ലാം ചുക്കാൻ പിടിച്ചു. മാറുന്ന വനനയങ്ങളുടെ ചരിത്രം കൂടി മനസ്സിലാക്കാൻ താങ്കളുടെ സർവ്വീസ് സ്റ്റോറി ഒന്നു പങ്കുവയ്ക്കാമോ?**

വനംവകുപ്പിൽ എത്തിയ കാലം മുതൽ വനം സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മാത്രം പങ്കാളിയാകാൻ ഭാഗ്യമുണ്ടായ ഉദ്യോഗസ്ഥനാണ് ഞാൻ. 1978ലാണ് വനംവകുപ്പിൽ ചേരുന്നത്. ഡെറാഡൂണിൽ രണ്ട് വർഷത്തെ പരിശീലനം കഴിഞ്ഞ് പറമ്പിക്കുളത്തെ ഡി.എഫ്.ഒ ആയി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പരിസ്ഥിതി സംരക്ഷണം എന്ന വാക്ക് വനം വകുപ്പ് നിഷിദ്ധമായി കരുതുന്ന കാലമാണത്. പ്ലാന്റേഷനുകൾ എങ്ങനെ വിപുലീകരിക്കാം എന്നതാണ് അന്നത്തെ മുഖ്യധാരാ കാഴ്ച്ചപ്പാട്. പറമ്പിക്കുളത്ത് 80കൾ വരെ വ്യാപകമായ തോതിൽ കാട് വെട്ടിത്തെളിച്ച് വനംവകുപ്പ് പ്ലാന്റേഷനുകൾ തുടങ്ങിയിട്ടുണ്ട്. 1952 ലെ നമ്മുടെ വനനയം കൊളോണിയൽ വനനയത്തിന്റെ പകർപ്പായിരുന്നു. ബ്രിട്ടീഷുകാർ കാട് വെട്ടിയിരുന്നപ്പോൾ സ്വീകരിച്ച സമീപനമായിരുന്നില്ല വനം വകുപ്പിന്റേത്. ബ്രിട്ടീഷുകാർ അവർക്ക് കപ്പൽ നിർമ്മി

# പങ്കാളിത്തം തന്നെ വനപരിപാലനം

ക്കാനും റെയിൽവേ സ്ലീപ്പറുകൾ നിർമ്മിക്കാനും ആവശ്യമായ തടിമാത്രമാണ് കാട്ടിൽ നിന്നും കൊണ്ടുപോയത്. മരം വിറ്റും പ്ലാന്റേഷൻ നടത്തിയും കാശുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് വനം വകുപ്പ് കാട് തരിശാക്കിയത്. വനം വകുപ്പിനെ റവന്യൂ കൂട്ടാനുള്ള ഒരു കറവപ്പശുവായാണ് ഭരണകൂടം കണ്ടിരുന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് ഓഡിറ്റിംഗ് കൃത്യമായിരുന്നു. എന്നാൽ കേരള വനം വകുപ്പ് എത്ര മരം അക്കാലത്ത് മുറിച്ചുകടത്തി എന്നതിന് കൃത്യമായ കണക്കുകളൊന്നുമില്ല. ഒരുപാട് പഠനങ്ങൾക്ക് ശേഷമാണ് ബ്രിട്ടീഷുകാർ ഒരു കാടിനെ മരം മുറിക്കുന്നതിനായി തിരഞ്ഞെടുക്കുന്നത്. നമുക്ക് അത്തരം പ്രാക്ടീസുകളൊന്നുമില്ലായിരുന്നു. വയനാട് ജില്ലയിൽ 300 ഹെക്ടർ വനം ഒറ്റതവണ കൊണ്ട് തോട്ടങ്ങൾക്കായി വെട്ടിവെളുപ്പിച്ചിട്ടുണ്ട്. പണമുണ്ടാക്കുന്ന വകുപ്പായതുകൊണ്ട് സർക്കാർ ഇഷ്ടം പോലെ പണം വനംവകുപ്പിന് നൽകുമായിരുന്നു. ഇത്ര തുക ചിലവാക്കി എന്ന് മാത്രം കാണിച്ചാൽ മതി. ഫലപ്രദമായി ചിലവാക്കിയോ എന്ന് കാണിക്കേണ്ടതില്ല.

ഞാൻ ജോലിക്കെത്തുമ്പോൾ അതായിരുന്നു അവസ്ഥ. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനായി വിവിധ രാഷ്ട്രത്തലവന്മാർ ഒന്നിച്ചുകൂടിയ 1972ലെ സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ദിരാഗാന്ധി പങ്കെടുക്കുകയും പരിസ്ഥിതി സംരക്ഷണം ഒരു നയപരിപാടിയായി അംഗീകരിക്കുകയും ചെയ്തതോടെയാണ് വനത്തിനോടുള്ള ഭരണകൂടത്തിന്റെ സമീപനത്തിൽ മാറ്റങ്ങൾ കണ്ടുതുടങ്ങിയത്. തുടർന്ന് നർമ്മദ, ചിപ്കോ തുടങ്ങിയ പരിസ്ഥിതി സമരങ്ങളുണ്ടാക്കിയ ചലനങ്ങളും ഭരണകൂടത്തിന്റെ സമീപനത്തിൽ വ്യത്യാസമുണ്ടാക്കിയിട്ടുണ്ട്.

പറമ്പിക്കുളത്ത് നിന്നും സൈലന്റ്‌വാലിയിൽ ഡി.എഫ്.ഒ ആയാണ് മാറിയത്. വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ക്യാമ്പുകൾ അവിടെ ആരംഭിക്കുന്നത് അക്കാലത്താണ്. പല സ്ഥലങ്ങളിൽ നിന്നുള്ള ആളുകളെ സൈലന്റ്‌വാലിയിൽ എത്തിച്ച് ക്ലാസുകൾ നൽകി. പരിസ്ഥിതി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക എന്നത് വനം വകുപ്പിന്റെ പരിപാടിയിൽ ഇല്ലാത്തതാണ്. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർക്ക് ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെടാൻ ഭയമാണ്. വനംവകുപ്പ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് എതിരെ നിൽക്കേണ്ട ഒന്നാണ് എന്ന ധാരണ അവരിൽ നിന്നും മാറിയിട്ടുണ്ടായിരുന്നില്ല. പരിസ്ഥിതി സംരക്ഷണം പൗരന്റെ കടമയാണെന്ന ഭരണഘടനാ ഭേദഗതിയെല്ലാം അപ്പോഴേക്കും വന്നിരുന്നു. എന്നിട്ടും വനം വകുപ്പ് മടിച്ചുനിന്നു. 1980ൽ വനസംരക്ഷണ നിയമം നിലവിൽ വരുകയും വ്യവസായങ്ങൾക്കായുള്ള വനവിഭങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണം വരുകയും ചെയ്തതോടെയാണ് പതിയെ സ്ഥിതിഗതികൾ മാറുന്നത്. മൂലധനം സ്വരൂപിക്കാനുള്ള പരിപാടികളിൽ നിന്നെല്ലാം വനം വകുപ്പിന് മാറേണ്ടി വന്നു. അതോടെ ഭരണകൂടത്തിന് വകുപ്പിനോടുള്ള താത്പര്യം കുറഞ്ഞു. തടി ഡിപ്പോ നടത്തിയിരുന്ന ഉദ്യോഗസ്ഥർ വനസംരക്ഷണ പ്രവർത്തനങ്ങളിലേക്ക് മാറി. എന്നാൽ ഇന്ന് വനം സംരക്ഷിക്കുക എന്നത് ഞങ്ങളുടെ ദൗത്യമാണെന്ന് ഏത് ഉദ്യോഗസ്ഥനും ധൈര്യമായി പറയും. കാരണം തടി വിൽക്കുന്നതാണ് ഞങ്ങളുടെ ജോലി എന്ന് വിശ്വസിക്കുന്ന ഉദ്യോഗസ്ഥൻ ഒറ്റപ്പെടുന്ന അവസ്ഥയാണ് ഇന്ന് വനംവകുപ്പിലുള്ളത്.

പരിസ്ഥിതി പ്രവർത്തകരുമായി നല്ല ബന്ധമുണ്ടായിരുന്നതുകൊണ്ട് അവരെ വനംവകുപ്പുമായി പല പരിപാടികളിലും ബന്ധിപ്പിക്കാൻ എനിക്ക് കഴിഞ്ഞു. വിനോദ്കുമാർ ഉണ്ണ്യാലിനെപ്പോലെയുള്ള പല ഉദ്യോഗസ്ഥരും ആ തുടർച്ച പിന്നീട് നിലനിർത്തി. പശ്ചിമഘട്ട രക്ഷായാത്രയിൽ പങ്കാളിയാകാനും കഴിഞ്ഞു. അന്ന് ഞാൻ സൈലന്റ്‌വാലി ഡി.എഫ്.ഒ ആയിരുന്നു. സൈലന്റ്‌വാലി കാട്ടിൽ യാത്ര സംഘത്തോടൊപ്പം രണ്ട് ദിവസം ഞാനും പങ്കുചേർന്നു. ആക്ടിവിസ്റ്റുമായി ബന്ധമുള്ളതുകൊണ്ട് എന്നോട് എതിർപ്പുള്ള പല ഉദ്യോഗസ്ഥരും വനം വകുപ്പിലുണ്ടായിരുന്നു. കാലം മാറിയതനുസരിച്ച് അവരുടെ മനോഭാവവും മാറി. ഒറ്റപ്പെട്ട തുരുത്തുകളിൽ നിന്നാൽ കാര്യമില്ലെന്ന് ഇന്ന് ഉദ്യോഗസ്ഥർ തിരിച്ചറിയുന്നുണ്ട്. വനസംരക്ഷണം വനംവകുപ്പ് ഉദ്യോഗസ്ഥർ മാത്രം ചെയ്യേണ്ടതല്ല, എല്ലാ മനുഷ്യരും ഒരുമിച്ച് നിന്ന് ചെയ്യേണ്ടതാണ് എന്ന് തിരിച്ചറിഞ്ഞതാണ് ഔദ്യോഗിക ജീവിതത്തിനിടയിലുണ്ടായ നിർണ്ണായക മാറ്റം.

**പങ്കാളിത്ത വനപരിപാലന പരിപാടിയുടെ സാമാന്യസങ്കൽപ്പങ്ങളേക്കാൾ കൂടുതലായി കേരളത്തിൽ വളരെ ജനകീയമായ രീതിയിലാണ് വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിച്ചത്. കേരളത്തിലെ പങ്കാളിത്ത വനപരിപാലന പരിപാടിയുടെ ഭാവനാനിർമ്മിതി നടത്തിയയാൾ എന്ന നിലയിൽ ആ പ്രായോഗിക പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു. താങ്കൾ തന്നെ മുൻകൈയെടുത്ത് നടത്തിയ മല്ലീശ്വരം പ്രോജക്ട് പോലെയുള്ള പദ്ധതികളിൽ നിന്നാണോ ആ സങ്കൽപ്പം നിർമ്മിച്ചെടുത്തത്?**

സുഗതകുമാരിയുടെ മുൻകൈയിൽ അട്ടപ്പാടിയിൽ നടന്ന കൃഷ്ണവനം പദ്ധതിയുടെ തുടർച്ച നിലനിർത്തുക എന്ന ആലോചനയിൽ നിന്നാണ് മല്ലീശ്വര പ്രോജക്ടിലേക്ക് എത്തുന്നത്. പാരിസ്ഥിതിക അപചയമുണ്ടായ പ്രദേശത്ത് കൃഷ്ണവനം പദ്ധതിയിലൂടെ സുഗതകുമാരി ടീച്ചർ വനവത്കരണത്തിന് ശ്രമിച്ചു. തിരുവനന്തപുരം പ്രകൃതി സംരക്ഷണ സമിതിയാണ് പദ്ധതി നടത്തിയിരുന്നത്. പക്ഷെ തിരുവനന്തപുരത്തുള്ളവരുടെ മുൻകൈയിൽ നടന്നിരുന്ന പരിപാടിയായതിനാൽ അവർക്കത് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. വനംവകുപ്പിനും അത് തുടരാൻ സാങ്കേതിക തടസ്സമുണ്ടായിരുന്നു. അത്ര പ്രാധാന്യമില്ലാത്ത പ്രദേശത്ത് എന്തിന് പണം മുടക്കണമെന്ന ചോദ്യം സ്വാഭാവികമായും മുകളിൽ നിന്നും വരും. പിന്നെന്താണ് മാർഗ്ഗം എന്ന് ഞാൻ കുറേ ചിന്തിച്ചു. പ്രാദേശിക ജനതയുടെ പിന്തുണയില്ലാത്തതാണ് പദ്ധതി തുടരാനുള്ള പ്രധാന തടസ്സമായി മാറിയതെന്ന് തിരിച്ചറിഞ്ഞു. വനംവകുപ്പ് നിയമങ്ങൾ പരിരക്ഷിച്ചതുകൊണ്ടുമാത്രം വനം സംരക്ഷിക്കപ്പെടണമെന്നില്ല. പ്രാദേശികജനതയക്ക് എന്തെങ്കിലും നേട്ടമുണ്ടെങ്കിൽ മാത്രമെ അവർക്ക് വനത്തിനോട് ഒരു പ്രതി

പത്തിയുണ്ടാകൂ. എങ്കിൽ മാത്രമെ വനംവകുപ്പിന്റെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ അവരും പങ്കാളികളാകൂ. ആ തിരിച്ചറിവാണ് മല്ലീശ്വരം പദ്ധതിയെക്കുറിച്ചുള്ള ആലോചനയിലേക്ക് എത്തിച്ചത്. അന്ന് കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറസ്റ്റ് ജെനറ്റിക്സ് ആന്റ് ട്രീബ്രീഡിംഗിൽ ജോലി ചെയ്യുകയായിരുന്നു ഞാൻ പദ്ധതി തയ്യാറാക്കി. വനംവകുപ്പ് അംഗീകരിച്ചു. മണ്ണാർക്കാട് ഡി.എഫ്.ഒയുടെ കീഴിലുള്ള ഒരു റെയ്ഞ്ച് ഓഫീസറായിരുന്നു മേൽനോട്ടം. ആദിവാസികളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും വനംവകുപ്പ് ഇടപെടുകയും അതുവഴി വനംവകുപ്പിനെ തിരിച്ച് വനവത്കരണ പരിപാടികളിൽ അവർ സഹായിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ഊരുകളെ ഒരു യൂണിറ്റായിക്കണ്ട്, മല്ലീശ്വര പണിയാള സംഘം എന്ന പേരിൽ 14 ഊരുകളുടെ കൂട്ടായ്മകൾ അവരുടെ മുൻകൈയിൽ രൂപീകരിച്ചുകൊണ്ട് വനംവകുപ്പ് അവരിലേക്ക് ഇറങ്ങിച്ചെന്നു. അന്നാണ് പുറത്ത് നിന്നുള്ള മാർക്കറ്റ് ശക്തികളുടെ ഇടപെടൽ അവരുടെ മേൽ എത്രത്തോളമുണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലായത്. പുറംലോകത്തിന്റെ എല്ലാ വിഴുപ്പുകളും അലക്കാൻ വിധിക്കപ്പെട്ട് നിസഹായരായി കഴിയുകയായിരുന്നു അവർ. പിന്നെ അവർ എങ്ങനെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. അപ്പോൾ അവരുടെ ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുക എന്നല്ലാതെ മറ്റ് മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. മല്ലീശ്വര പദ്ധതിവഴി ബാഹ്യശക്തികളുടെ ഇടപെടൽ ആദിവാസി ഊരുകളിൽ വ്യാപകമായി കുറയ്ക്കാൻ കഴിഞ്ഞു.



1990ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നയപരമായ ഒരു മാറ്റത്തിന്റെ ഭാഗമായാണ് പങ്കാളിത്ത വനപരിപാലന പദ്ധതി തുടങ്ങുന്നത്. വനാശ്രിത സമൂഹങ്ങളുടെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അത് പരിഹരിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തനമാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ മരം മുറിച്ച് വിൽക്കുന്നതിലൂടെ കിട്ടുന്ന പണം സ്റ്റേറ്റും തദ്ദേശീയസമൂഹവും പങ്കിട്ടെടുക്കുന്ന പരിപാടിയായാണ് പലയിടത്തും അത് നടത്തപ്പെട്ടത്.

പിന്നീടുവന്ന പങ്കാളിത്ത വനപരിപാലന പരിപാടിയെല്ലാം ഇതേ ദർശനം തന്നെയാണ് മുന്നോട്ടുവച്ചത്. 1990ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നയപരമായ ഒരു മാറ്റത്തിന്റെ ഭാഗമായാണ് പങ്കാളിത്ത വനപരിപാലന പദ്ധതി തുടങ്ങുന്നത്. വനാശ്രിത സമൂഹങ്ങളുടെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അത് പരിഹരിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തനമാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ മരം മുറിച്ച് വിൽക്കുന്നതിലൂടെ കിട്ടുന്ന പണം സ്റ്റേറ്റും തദ്ദേശീയസമൂഹവും പങ്കിട്ടെടുക്കുന്ന പരിപാടിയായാണ് പലയിടത്തും അത് നടത്തപ്പെട്ടത്. മരങ്ങൾ മുറിച്ചുവിൽക്കാനുള്ളതാണ് എന്ന സങ്കൽപ്പം തദ്ദേശീയരിലേക്കും വനം വകുപ്പ് എത്തിച്ചു എന്നുള്ളതാണ് ഫലത്തിൽ സംഭവിച്ചത്. വേഗതിൽ വളരുന്ന മരങ്ങൾ അതിനായി വച്ചുപിടിപ്പിക്കപ്പെട്ടു.

എന്നാൽ കേരളത്തിൽ തികച്ചും വ്യത്യസ്തമായ രീതിയിലാണ് പദ്ധതിക്ക് ഞങ്ങൾ രൂപം നൽകിയത്. തടിയെ ആസ്പദമാക്കിയല്ല, വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് പദ്ധതി വിഭാവനം ചെയ്തത്. ആദിവാസിജനതയുടെ ജീവിതവും ജൈവവൈവിധ്യവും ഒരുപോലെ സംരക്ഷിക്കപ്പെടണം എന്ന രാഷ്ട്രീയ ബോധം ഉള്ളിൽ സൂക്ഷിച്ചുകൊണ്ടാണ് പദ്ധതിയുടെ ഗൈഡ്‌ലൈൻസ് തയ്യാറാക്കിയത്. മല്ലീശ്വര പ്രോജക്ടിന്റെ അനുഭവം അതിന് സഹായകമായി എന്നുമാത്രം.

**തുടർന്നുള്ള അനുഭവങ്ങൾ എങ്ങനെയായിരുന്നു?**

പങ്കാളിത്ത വനപരിപാലനത്തിന്റെ തുടർച്ചയായാണ് നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം (NAP)കേന്ദ്ര സർക്കാർ കൊണ്ടുവരുന്നത്. NAP മരം വച്ചുപിടിപ്പിക്കുന്നതിനാണ് ഫണ്ട് നൽകുന്നത്. അവശേഷിക്കുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതിയിൽ ഊന്നലില്ല. മരം വച്ചുപിടിപ്പിക്കുന്നതിന് കിട്ടിയ തുകയെല്ലാം വേഗതിൽ വളരുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാണ് വനംവകുപ്പ് ഉപയോഗിച്ചത്. മരം വച്ചുപിടിപ്പിക്കുന്നതിന് കാശുകൊടുക്കുക എന്ന പരിപാടി വന്നതോടെ നിലവിലുള്ള മരങ്ങൾക്ക് മൂല്യമില്ലാതെയായി. ഞാൻ വച്ച മരം അവിടെയുണ്ടെന്നും, നഷ്ടപ്പെട്ടിട്ടില്ലെന്നും സദാ തെളിയിച്ചുകൊണ്ടിരിക്കാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായി. നമ്മൾ വച്ച നൂറ് മരം ഓഡിറ്റർക്ക് കാണിച്ചുകൊടുക്കേണ്ടിവരും. നമ്മൾ വയ്ക്കാത്ത ആയിരം മരത്തിന് എന്തുസംഭവിച്ചു എന്ന കണക്ക്

അവർക്ക് വേണ്ട. NAP പ്ലാന്റേഷൻ എന്ന സ്വാഭാവത്തിലേക്ക് കാര്യങ്ങളെ വീണ്ടും എത്തിച്ചു. വനാശ്രിത സമൂഹങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച്, അവരെ വനസംരക്ഷണത്തിൽ പങ്കാളികളാക്കുന്ന ഒരു സംവിധാനം നിർമ്മിച്ചുകൊണ്ടുവരികയായിരുന്നു. വനാശ്രിത സമൂഹങ്ങളെ ശക്തിപ്പെടുത്തേണ്ടത് വളരെ അത്യന്താപേക്ഷിതമായിരിക്കുന്നു. കാരണം ശക്തരായ പുറംലോകവുമായുള്ള അശക്തരായ അവരുടെ സംഘർഷം ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്.

**കൊളോണിയൽ നിയമങ്ങൾ പിന്തുടർന്ന പാരമ്പര്യമുള്ള വനംവകുപ്പ് ജനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈയെടുക്കുന്നതിൽ ഘടനാപരമായ ഒരു പൊരുത്തക്കേട് നിലനിൽക്കുന്നില്ലേ?**

ജനങ്ങളെ ശക്തിപ്പെടുത്തുക എന്നത് ഭരണകൂടത്തിന്റെ തന്നെ താത്പര്യങ്ങൾക്ക് വിരുദ്ധമായ ഒന്നാണ്. എന്നിട്ടും പങ്കാളിത്ത വനപരിപാലനം വിജയമാക്കിത്തീർക്കാൻ കേരളത്തിന് കഴിഞ്ഞത് ഗാർഡ്, ഫോറസ്റ്റർ തലത്തിലുള്ള ഒരുപാട് ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ ഇടപെടൽ കൊണ്ടാണ്. അടിത്തട്ടിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും മുകളിലേക്കെത്തുമ്പോഴാണ് നിങ്ങൾ പറഞ്ഞ പൊരുത്തക്കേട് കൂടുതൽ പ്രകടമാകുന്നത്. അധികാരം ജനങ്ങളിലേക്കെത്തിക്കാൻ ഉദ്ദേശിച്ച് രൂപകല്പന ചെയ്തിട്ടുള്ള ഒരു സ്ഥാപനമല്ല വനംവകുപ്പ്. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കാടിന്റെ അധികാരം കയ്യേറുന്നവർക്കെതിരെ നിയമപരമായ നടപടി കൈക്കൊള്ളുക എന്ന ലക്ഷ്യത്തോടെയാണ് വനം വകുപ്പ് നിലനിൽക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലം മുതൽ തുടരുന്ന സംവിധാനമാണിത്. സ്വാതന്ത്ര്യം കിട്ടിയകാലത്തുപോലും ജനങ്ങളെ വനഭരണത്തിൽ പങ്കാളികളാക്കാൻ ഇന്ത്യ തയ്യാറായില്ല. പങ്കാളിത്ത വനപരിപാലനത്തിൽ അതിന്റെ ഒരു നിഴലാട്ടം കാണാം എന്നുമാത്രം. താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥർ അതിനെ ഒരു രാഷ്ട്രീയ പ്രവർത്തനമായി പരിവർത്തനപ്പെടുത്തി എന്നതാണ് കേരളത്തിലെ വിജയം. ഫീൽഡിൽ പോകുന്ന ഉദ്യോഗസ്ഥർ വനാശ്രിത സമൂഹങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ചു. വിപ്ലവാത്മകമായ മാറ്റമായിരുന്നു അത്. ഉദ്യോഗസ്ഥർക്ക് പലർക്കും ഗതികേടിൽ നിന്നുണ്ടായ തിരിച്ചറിവും അവരുടെ സഹകരണത്തിന് പിന്നിലുണ്ടായിരുന്നു. വനം കള്ളക്കടത്ത് വ്യാപകമായ ഇടുക്കി ജില്ലയിലെല്ലാം വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തമില്ലാതെ ഉദ്യോഗസ്ഥർക്ക് വനം കൊള്ളക്കാരെ  പിടിക്കാൻ കഴിയില്ല എന്ന സ്ഥിതി വന്നു. മുകൾത്തട്ടിലെ ഉദ്യോഗസ്ഥർക്ക് അത്തരം ബാധ്യതകളില്ല. ഒരു മരം പോയാൽ അവർക്ക് ആരോടും മറുപടി പറയേണ്ടതില്ല. വനംവകുപ്പിലെ ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് പങ്കാളിത്ത വനപരിപാലനത്തിനോടുള്ള നിഷേധാത്മക സമീപനത്തെക്കുറിച്ച് മഹാത്മഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് പി.എഫ്.എമ്മിനെക്കുറിച്ച് നടത്തിയ പഠനത്തിൽ പ്രത്യേകം പറയുന്നുണ്ട്.

**വനഭരണം വനാശ്രിത സമൂഹങ്ങളെ ഏൽപ്പിക്കുന്ന വനാവകാശ നിയമം  കുറച്ചുകൂടി വിപ്ലവാത്മകമായ മുന്നേറ്റമായിരുന്നല്ലോ. വനംവകുപ്പ് ആ നിയമത്തിനോട് സ്വീകരിച്ച സമീപനത്തിലും ഈ വൈരുദ്ധ്യം കാണാം. വനാവകാശ നിയമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താങ്കൾ സർവ്വീസിലുണ്ടായിരുന്ന കാലത്ത് തുടങ്ങിവച്ച പല നടപടികളും മുന്നോട്ട് പോയിട്ടില്ല എന്നാണ് കാണാൻ കഴിയുന്നത്. സംഘർഷങ്ങക്ക് കാരണമെന്താണ്?**

വനം സംരക്ഷിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും വനാശ്രിത സമൂഹങ്ങൾക്ക് നൽകിക്കൊണ്ട് വനസംരക്ഷണത്തിന്റെ ചരിത്രം തന്നെ മാറ്റി എഴുതുകയായിരുന്നു വനാവകാശ നിയമം. വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമത്തോട് എതിർപ്പുകളുണ്ടാകാം. എന്നാൽ അവർ നിയമം യാഥാർത്ഥ്യമാക്കുന്നതിൽ കാര്യമായി ഇടപെടാത്തതിന് കാരണം അതല്ല. ഇടപെടാൻ വേണ്ടിയുള്ള പങ്ക് അവർക്കില്ല എന്നതാണ് വസ്തുത. ട്രൈബൽ വകുപ്പിനാണ് നിയമം നടപ്പിലാക്കാനുള്ള പ്രധാന ചുമതല. ആദിവാസികളുമായി വനം വകുപ്പിനുള്ള അത്രയും ബന്ധം ഇല്ലാത്ത വകുപ്പാണ് ട്രൈബൽ വകുപ്പ്. എന്നിട്ടും പങ്കാളിത്ത വനപരിപാലനത്തിലൂടെ ആദിവാസികളുമായി നല്ല ബന്ധം സ്ഥാപിച്ച വനംവകുപ്പ് വനാവകാശ നിയമത്തിന്റെ നടത്തിപ്പിൽ നിന്നും ഒഴിവാക്കപ്പെട്ടു. വളരെ സജീവമായി തദ്ദേശീയ സമൂഹങ്ങളെ സംഘടിപ്പിച്ചിരുന്ന പല വനംവകുപ്പ് ഉദ്യോഗസ്ഥരും നിസ്സഹായരായി നോക്കിനിൽക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. വിഭവങ്ങളുടെ മൂല്യനിർണ്ണയത്തിലും സംരക്ഷണത്തിലും 150 വർഷത്തെ പരിചയമുള്ള വനംവകുപ്പ് എന്തുകൊണ്ട് ഒഴിവാക്കപ്പെട്ടു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. വനംവകുപ്പ് ഒരു വശത്ത് വനസംരക്ഷണം എന്ന ജോലി ചെയ്യുമ്പോൾ അതേ ജോലിചെയ്യുന്നതിനായി മറ്റൊരു ഏജൻസി (ഊരുകൂട്ടം, ഗ്രാമസഭ) അതേ സ്ഥലത്ത് വരുന്നത് സംഘർഷങ്ങളുണ്ടാക്കും, രണ്ടുപേരുടെയും ഉദ്ദേശങ്ങൾ നല്ലതാണെങ്കിൽപ്പോലും. ആദിവാസികൾക്ക് ഒരേക്കർ ഭൂമി കൊടുക്കാനുള്ള ആന്റണി-ജാനു കരാർ വനാവകാശ നിയമത്തിന്റെ മറവിൽ നടത്താനുള്ള ശ്രമങ്ങളാണ് കേരളത്തിൽ നടക്കുന്നത്. ഇതിന്റെ ഭാഗമായി വ്യാപകമായി കൈയേറ്റമുണ്ടാവുകയും ചെയ്തു. ആക്ടിൽ ഇല്ലാത്ത കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചാൽ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നടപടി എടുക്കേണ്ടതായി വരും. അതാണ് കേരളത്തിൽ പല സ്ഥലത്തും സംഘർഷമുണ്ടാകാൻ കാരണം.

വനാവകാശ നിയമം ആദിവാസികൾക്ക് വേണ്ടി മാത്രം നിർമ്മിക്കപ്പെട്ടതല്ല. 75 വർഷമായി വനത്തിൽ കഴിയുന്ന വനാശ്രിത സമൂഹങ്ങൾക്കും വനാവകാശത്തിന് അധികാരമുണ്ട്. വനത്തിന്റെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നില്ലെങ്കിലും ഒരുപാട് പട്ടികജാതി വിഭാഗങ്ങളും കേരളത്തിൽ വനാശ്രിതരായാണ് കഴിയുന്നത്. ആദിവാസികളെപ്പോലെ ദരിദ്രമായ സാഹചര്യത്തിലാണ് അവരും കഴിയുന്നത്. വനം വകുപ്പിന്റെ കൈവശമുള്ള വനമാകണമെന്നില്ല അവർ ആശ്രയിക്കുന്നത്. റവന്യൂവകുപ്പിന്റെയോ വൈദ്യുതി വകുപ്പിന്റെയോ കൈവശമുള്ള ഭൂമിയാകാം അല്ലെങ്കിൽ നിക്ഷിപ്ത വനഭൂമിയാകാം. വനം എന്ന നിർവചനത്തിൽ ഉൾപ്പെടുത്തി അവരെയും വനാവകാശ നിയമത്തിൽ



ഫോട്ടോ: എൻ.എ. നസീർ

ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആദിവാസികൾക്ക് അവർക്ക് മാത്രമുള്ള അവകാശമായാണ് അതിനെ കാണുന്നത്. ഉദാഹരണമായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംനട എന്ന പട്ടികജാതി കോളനിയുടെ അവസ്ഥയെടുക്കാം. പരമ്പരാഗതമായി വനവിഭവങ്ങൾ ശേഖരിച്ച് കഴിയുന്ന മലവേടർ എന്ന പട്ടികജാതി വിഭാഗക്കാരാണ് അവിടെ താമസിക്കുന്നത്. അതിന് തൊട്ടടുത്ത് കാണി ആദിവാസി ഗ്രോത്രത്തിന്റെ ഒരു സെറ്റിൽമെന്റുണ്ട്. അവർ കാടിനെ ആശ്രയിച്ച്, കൃഷി ചെയ്താണ് ജീവിക്കുന്നത്. മലവേടരേക്കാൾ മെച്ചപ്പെട്ട സ്ഥിതിയാണ് അവർക്കുള്ളത്. എന്നിട്ടും വനാവകാശ നിയമപ്രകാരം മലവേടർക്ക് ഭൂമി കൊടുക്കുന്നതിനും വനസംരക്ഷണ സമിതികളിൽ അവരെ ഉൾപ്പെടുത്തുന്നതിനും കാണിക്കാർ എതിരാണ്. കേരളത്തിന്റെ പല ഭാഗങ്ങളിലും സമാനമായ സാഹചര്യങ്ങളുണ്ട്.

ഭൂമി കൈമാറ്റം ചെയ്യപ്പെടാനോ വിൽക്കാനോ പറ്റില്ല എന്ന് വനാവകാശ നിയമം കൃത്യമായി പറയുന്നുണ്ടെങ്കിലും വനാശ്രിത സമൂഹങ്ങൾ ശക്തിപ്പെടാതെ അത് നടക്കുമോ എന്ന് എനിക്ക് സംശയമുണ്ട്. ഭൂമി ലഭിച്ചാൽതന്നെ കൃഷി നടത്താനുള്ള പ്രയാസം കാരണം ഭൂമി കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം പുറമെ നിന്നുള്ളവരിലേക്ക് എത്തിച്ചേരാനാണ് സാധ്യത.

**വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞു എന്ന് പറയുമ്പോൾ തന്നെ മറുവശത്ത് ടൂറിസം കടന്നുകയറ്റങ്ങളെ ഒട്ടും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നില്ലേ? ടൂറിസം മേഖലയിലേക്കെത്തുന്ന നിക്ഷേപങ്ങളെ ഇരുകയ്യും നീട്ടി സ്വീകരിക്കാൻ തയ്യാറായിരിക്കുന്ന കേരളത്തിന്റെ നയം വനംവകുപ്പിനും വനത്തിനും എത്രമാത്രം ഭീഷണിയാണ്?**

തീർച്ചയായും ടൂറിസം ഭീഷണിയായി മാറുന്നുണ്ട്. കോർ മേഖലയിൽ ടൂറിസം പാടില്ല എന്നുപറഞ്ഞ സുപ്രീംകോടതിക്ക് പറഞ്ഞത് തിരിച്ചെടുക്കേണ്ട സാഹചര്യമാണുള്ളത്. തടി മുറിച്ചിരുന്ന കാലത്ത് വനത്തിൽ നിന്നും സ്റ്റേറ്റിന് കിട്ടിയിരുന്ന ലാഭമെല്ലാം ഇന്ന് കുറഞ്ഞിരിക്കുന്നു. ആ സ്ഥാനത്താണ് അവർ ടൂറിസത്തെ പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നത്. തടി പോയെങ്കിൽ ഇനി കാട്ടിലേക്ക് വിനോദ സഞ്ചാരികളെ കടത്തിവിട്ട് കാശുണ്ടാക്കാം എന്ന ചിന്ത. പങ്കാളിത്ത വനപരിപാലന പരിപാടിയുടെ ഭാഗമായുണ്ടായ വി.എസ്.എസ്സുകളും ഇ.ഡി.സികളും കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ ടൂറിസത്തിന്റെ വനത്തിനുള്ളിലെ ഇടപെടൽ ഏറെക്കുറെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാട്ടിനുള്ളിലെ ടൂറിസത്തിനെതിരെ വനംവകുപ്പ് ഇവിടെ ശക്തമായ നിലപാടെടുക്കുന്നുണ്ട്. എന്നാൽ അതിനും മുകളിലാണ് ഹോട്ടൽ ലോബി സർക്കാറിന് മുകളിൽ ചെലുത്തുന്ന സ്വാധീനം. തദ്ദേശീയ സമൂഹങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താതെ ടൂറിസത്തിന്റെ ഇടപെടൽ കുറയ്ക്കാൻ കഴിയില്ല. കാട് സംരക്ഷിത മേഖലയാകുന്നതോടെ മറ്റ് ഉപജീവന മാർഗ്ഗങ്ങൾ ഇല്ലാതാവുന്ന പല തദ്ദേശീയ സമൂഹങ്ങളും ടൂറിസത്തെ ഒരു തൊഴിലായി കാണുന്നുണ്ട്. കുറച്ചുകൂടി സുസ്ഥിരമായ തൊഴിൽ മേഖലകളിലേക്ക് അവരെ പുനഃരധിവസിപ്പിക്കുകകൂടിയാണ് ടൂറിസത്തിന്റെ കടന്നുകയറ്റം കുറയ്ക്കാനുള്ള മാർഗ്ഗം.

**അഹാഡ്സിന്റെയും (Attappady Hills Area Development**

> തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കാടിന്റെ അധികാരം കയ്യേറുന്നവർക്കെതിരെ നിയമപരമായ നടപടി കൈക്കൊള്ളുക എന്ന ലക്ഷ്യത്തോടെയാണ് വനംവകുപ്പ് നിലനിൽക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലം മുതൽ തുടരുന്ന സംവിധാനമാണിത്. സ്വാതന്ത്ര്യം കിട്ടിയകാലത്തുപോലും ജനങ്ങളെ വനഭരണത്തിൽ പങ്കാളികളാക്കാൻ ഇന്ത്യ തയ്യാറായില്ല. പങ്കാളിത്ത വനപരിപാലനത്തിൽ അതിന്റെ ഒരു നിഴലാട്ടം കാണാം എന്നുമാത്രം.

**Society - AHADS) തുടക്കം താങ്കളിലൂടെയാണല്ലോ. അഹാഡ്സിന്റെ പ്രവർത്തനങ്ങൾ അവസാനിക്കുമ്പോൾ എന്താണ് തോന്നുന്നത്? പരാതികൾ ഏറെയുണ്ടല്ലോ? പ്രത്യേകിച്ച് ആദിവാസികൾ സ്വാശ്രിതരായില്ല എന്നും, അവരെ തൊഴിലാളികളാക്കി മാറ്റി എന്നും?**

അഹാഡ്സിന്റെ ഉദ്ദേശശുദ്ധി നല്ലതായിരുന്നു. സ്ഥാപിത താത്പര്യക്കാരുടെ ഇടപെടലും കാര്യനിർവഹണത്തിലുള്ള ശേഷിക്കുറവും കാരണമാണ് അഹാഡ്സിന്റെ പ്രവർത്തനങ്ങൾ താളം തെറ്റിയത്. അഹാഡ്സിൽ മറ്റ് താത്പര്യങ്ങൾ കടന്നുകൂടിയില്ല. ഒരു വർഷം ഇത്ര കോടി രൂപ ചിലവാക്കണം എന്നുവന്നതാണ് പ്രശ്നം. പണം ചിലവാക്കുക എന്നതായി മാറി പിന്നീട് പ്രധാന പരിപാടി. പരിസ്ഥിതി പുനഃസ്ഥാപിക്കുക എന്നതിന് പ്രധാന്യം കുറഞ്ഞു. പുറമെ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നടത്തുന്ന പദ്ധതികൾക്ക് സംഭവിക്കുന്ന പതിവ് കുഴപ്പമാണ് അഹാഡ്സിലുമുണ്ടായത്. 30 കോടി ഒരു വർഷത്തിനുള്ളിൽ തീർത്തിരിക്കണം എന്നു പറഞ്ഞാൽ തീർക്കേണ്ടിവരും. പണം ഇവിടെ സൂക്ഷിച്ച്, ദീർഘകാല പ്രവർത്തനങ്ങൾക്കായി അത് നീക്കിവയ്ക്കാൻ കഴിയില്ല. എന്നാലും മൈക്രോ വാട്ടർ ഷെഡായി അട്ടപ്പാടിയെ തിരിച്ച് അതിനുസരിച്ചുള്ള കൃഷി വികസിപ്പിക്കുന്നതിനെല്ലാം അഹാഡ്സിന് സാധിച്ചു. ശരിക്കും പഞ്ചായത്ത് ചെയ്യേണ്ട പണിയാണത്. അവിടെ സ്ഥാപിത താത്പര്യങ്ങളുള്ള രാഷ്ട്രീയ പാർട്ടികൾ ഉള്ളതുകൊണ്ട് നടക്കുന്നില്ല എന്നുമാത്രം. പഞ്ചായത്തീരാജ് ഫണ്ട് റോഡ് നിർമ്മിക്കാനും പാലം പണിയാനും മാത്രം ഉപയോഗിക്കുക എന്നതാണ് അവരുടെ രീതി.

പഞ്ചായത്തിന്റെയും അഹാഡ്സിന്റെയും മീറ്റിംഗിൽ ആദിവാസികൾ രണ്ട് രീതിയിലാണ് സംസാരിക്കുന്നത്. പഞ്ചായത്തിന്റെ മീറ്റിംഗിൽ റോഡ് വേണമെന്ന് പറയുന്നയാൾ അഹാഡ്സിന്റെ മീറ്റിംഗിൽ കാട് കുറച്ചുകൂടി വച്ചുപിടിപ്പിക്കുന്നതാണ് പ്രധാന ആവശ്യമെന്ന് പറയുന്നു. ഏജൻസിയുടെ സ്വഭാവത്തിനനുസരിച്ചാണ് ആളുകൾ പെരുമാറുന്നത്. പഞ്ചായത്തിൽ നിന്നും എന്താണ് വേണ്ടതെന്നും പഞ്ചായത്ത് എന്താണ് തരുന്നതെന്നും അവർക്ക് ഒരു ബോധ്യമുണ്ട്. പഞ്ചായത്ത് സുസ്ഥിര വികസന പരിപാടികൾക്ക് മുൻഗണന നൽകിയിരുന്നെങ്കിൽ ജനങ്ങളും അത് ആവശ്യപ്പെടുമായിരുന്നു. പഞ്ചായത്തീരാജ് പരാജയപ്പെടാനുള്ള ഒരു പ്രധാനകാരണം ഇതാണ്. അട്ടപ്പാടിയിൽ പഞ്ചായത്തിന് ചെയ്യാൻ കഴിയാതെ പോയത് അഹാഡ്സ് തുന്നിച്ചേർത്തു.

പഞ്ചായത്തുകൾ പദ്ധതികളുടെ നടത്തിപ്പുകാരാകാൻ വിധിക്കപ്പെട്ടിരിക്കുകയാണ്. കാഴ്ചപ്പാട് രൂപപ്പെടുത്താൻ അവർക്ക് കഴിയുന്നില്ല. പ്രാദേശികതല വിഭവ ആസൂത്രണം എങ്ങനെ വേണം എന്നതിനെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് നിർമ്മിക്കാൻ അഹാഡ്സ് പോലെയുള്ള ഏജൻസിക്ക് കഴിയും. ഫണ്ടിന്റെ വിനിയോഗം പോലെയുള്ള പരിമിതികളുണ്ടെങ്കിലും അഹാഡ്സിന്റെ പ്രസക്തി അതാണ്. അതുകൊണ്ട് അഹാഡ്സ് ഒരു നിർവ്വഹണ ഏജൻസിയായി തുടർന്നാലും കുഴപ്പമില്ല.

**മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം കേരളത്തിൽ കൂടിക്കൊണ്ടിരിക്കുകയാണ്. വനംവകുപ്പിന് എന്തുചെയ്യണമെന്ന് അറിയാത്ത സാഹചര്യം. ഇതിന്റെ പേരിൽ വനംവകുപ്പ് ഉദ്യോഗസ്ഥരെ ജനങ്ങൾ ആക്രമിക്കുന്നതും ബന്ദികളാക്കുന്നതും പതിവായിരിക്കുന്നു. പ്രശ്നപരിഹാരം സാധ്യമാണോ?**

വനംവകുപ്പിൽ ജോലി ചെയ്യുന്ന സമയത്ത് ഒരിക്കൽ തൃശൂർ ജില്ലയിൽ നിന്നും കുറെ വനസംരക്ഷണ സമിതി (വി.എസ്) അംഗങ്ങൾ എന്നെ കാണാൻ വന്നു. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വെടിവയ്ക്കാൻ അനുമതി വേണമെന്നായിരുന്നു അവരുടെ ആവശ്യം. വി.എസ്.എസ് രൂപീകരിക്കുന്നതിന് മുമ്പ് കൃഷിയിടത്തിൽ വന്നിരുന്ന പന്നികളെ അവർ കെണിയെല്ലാം വച്ച് പിടിച്ചിരുന്നു. വി.എസ്.എസ് രൂപീകരിച്ചതോടെ പന്നി കൊല്ലപ്പെട്ടാൽ അവർ മറുപടി പറയേട്ടണ്ട സ്ഥിതി വന്നു. കൃഷി തുടർച്ചയായി നശിപ്പിക്കപ്പെട്ടു. എനിക്ക് അവരോട് പറയാൻ മറുപടിയുണ്ടായിരുന്നില്ല. വന്യജീവി സംരക്ഷണ നിയമത്തിന്റെ തന്നെ ചില അപാകതയാണിത്. ബ്രിട്ടീഷുകാരുടെ കാലത്ത് ചില ജീവികളെ vermin (ക്ഷുദ്രജീവി) ആയി ലിസ്റ്റ് ചെയ്യുന്ന രീതിയുണ്ടായിരുന്നു. വെർമിൻ ലിസ്റ്റിലുള്ളതിനെ കൊല്ലുന്നതിന് നിയന്ത്രണമില്ല. വന്യജീവി സംരക്ഷണ നിയമം വന്നതോടെ പെരുച്ചാഴിയെ കൊന്നാലും കേസെടുക്കാനുള്ള വകുപ്പുണ്ട്. വിവേകം പാലിക്കാൻ നിയമത്തിന് കഴിയണമെന്നില്ല. കാടും കൃഷിയും തമ്മിലുള്ള സംഘർഷത്തിന് പരിഹാരമില്ല. കാടിനടുത്ത് കൃഷി ചെയ്യുന്നവർ അതിനനുസരിച്ചുള്ള രീതികൾ അവലംബിക്കുക മാത്രമാണ് പരിഹാരം.

**ഭരണകൂടം വികസനപ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയുള്ള ഒരു ഏജൻസിയായാണ് ഇന്ന് പ്രവർത്തിക്കുന്നത്. പരിസ്ഥിതി സംരക്ഷണം വികസനപ്രവർത്തനത്തിന് തടസ്സം നിൽക്കുന്ന ഒന്നായാണ് പരിഗണിക്കപ്പെടുന്നത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്നതിന് ന്യായമായി പറയുന്നതും വികസനത്തിന് തടസ്സം നിൽക്കുന്നു എന്നതാണ്. കേരളത്തിൽ ഈ പ്രവണത കൂടിക്കൊണ്ടിരിക്കുകയല്ലേ?**

ഭരണകൂടം ഖജനാവിന്റെ സൂക്ഷിപ്പുകാരനാണ്. വികസനപ്രവർത്തനങ്ങൾക്കായി പണം ചിലവാക്കുക, നികുതി പിരിക്കുക എന്നതാണ് അതിന്റെ ജോലി. ആ ജോലിക്ക് വിപരീതമാണ് പരിസ്ഥിതി സംരക്ഷണം. സ്റ്റേറ്റിന്റെ പരമ്പരാഗത ജോലികളിൽ അതില്ല. എന്നാൽ ഇനിയുള്ള കാലം പരിസ്ഥിതി സംരക്ഷണത്തെ പരിഗണിക്കാതെ മുന്നോട്ട് പോകാനാകില്ല. അത് തിരിച്ചറിഞ്ഞ ഭരണകൂടങ്ങൾ അതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. തമിഴ്നാട് സർക്കാർ 3000 മെഗാവാട്ട് കറണ്ട് സൗരോർജ്ജത്തിൽ നിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 2013 ആകുമ്പോഴേക്കും സൗരോർജ്ജ പാനലിന് സബ്സിഡി നൽകിത്തുടങ്ങും.

സ്ഥാപിത താത്പര്യങ്ങൾ അതിന് പിന്നിലുമുണ്ടാകാം. എന്നാലും ഊർജ്ജത്തിന്റെ വികേന്ദ്രീകരണം അതിലൂടെ സാധ്യമാകുന്നു. തിരുപ്പൂർ മുൻസിപ്പാലിറ്റി തെരുവിളക്കുകൾ സൗരോർജ്ജത്തിൽ കത്തിക്കാൻ തുടങ്ങിയരിക്കുന്നു. മുഖ്യ ഗ്രിഡിലുള്ള ആശ്രിതത്വം പരമാവധി കുറയ്ക്കാ

നുള്ള പ്രവർത്തനങ്ങൾ തമിഴ്നാട്ടിൽ വ്യാപകമാവുകയാണ്. ഇപ്പോൾ ഗാഡ്ഗിൽ റിപ്പോർട്ടിനെ തള്ളിക്കളയുന്ന കേരളത്തിനും അത് മുന്നോട്ട് വയ്ക്കുന്ന തരത്തിലുള്ള വികസന കാഴ്ച്ചപ്പാടിലേക്ക് എത്താതെ വഴിയില്ല.

നിലവിൽ പശ്ചിമഘട്ടത്തെ പരിഗണിക്കുന്ന ഒരു വികസനനയം കേരളത്തിനില്ല. മുഖ്യധാരാ സമൂഹത്തിന്റെ താത്പര്യം സംരക്ഷിക്കുന്ന വികസനം മാത്രമാണ് ഇവിടെ നടക്കുന്നത്. ജൈവവൈവിധ്യത്തെയും പരമ്പരാഗത സമൂഹങ്ങളെയും സംരക്ഷിക്കുന്ന പ്രസ്ഥാനമായി വികസനത്തിന് മാറാനുള്ള സാധ്യതയാണ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തുറന്നിടുന്നത്. പാരിസ്ഥിതിക അവബോധം കേരളത്തിന് ധാരാളമുണ്ട്. എന്നാൽ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ താത്പര്യമെടുക്കുന്നില്ല. ചില സ്ഥാപിതതാത്പര്യക്കാർ അത്തരം നീക്കങ്ങളെ ചെറുക്കുന്നു. ഭരണകൂടത്തെ താങ്ങി നിർത്തുന്നത് അത്തരക്കാരുടെ പണമായതിനാൽ അവർക്കാണ് മുൻഗണന. ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന പശ്ചിമഘട്ട അതോറിറ്റി നിലവിൽ വന്നാൽ ആ സാഹചര്യത്തിന് മാറ്റങ്ങളുണ്ടാകും. ഭരണകൂടം ജൈവവ്യവസ്ഥയ്ക്ക് വിലകൽപ്പിക്കാത്ത വികസന അതോറിറ്റിയായി നിൽക്കുന്നതുകൊണ്ട് പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്ക് മറ്റൊരു അതോറിറ്റിയുണ്ടാകുന്നത് നല്ലതാണ്.

**വനംവകുപ്പിന് ഭരണകൂടത്തിന്റെ വികസന കാഴ്ച്ചപ്പാടുകളെ എതിർക്കാൻ ഇന്ന് കുറച്ചുകൂടി ഇടം കിട്ടുന്നില്ലേ? അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽ വൈദ്യുതി വകുപ്പിനെ പ്രതിരോധിക്കാൻ വനംവകുപ്പ് കഴിഞ്ഞു. പഴയ സാഹചര്യങ്ങൾ മാറുന്നുണ്ടോ?**

വനംവകുപ്പിന് സംരക്ഷണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാനുള്ള സാധ്യതയാണിപ്പോഴുള്ളത്. വനം ഇന്ന് ഒരു കേന്ദ്ര-സംസ്ഥാന വിഷയമാണ്. പണ്ട് സംസ്ഥാന മന്ത്രിസഭയുടെ തീരുമാനത്തിനനുസരിച്ച് പ്രവർത്തിക്കാൻ വനംവകുപ്പ് നിർബന്ധിതരായിരുന്നു. എന്നാൽ ഇന്ന് സംസ്ഥാനം മാത്രം തീരുമാനിച്ചാൽ കാട് വികസന പ്രവർത്തനങ്ങൾക്കായി മാറ്റാൻ കഴിയില്ല. സുപ്രീംകോടതിയും വനസംരക്ഷണത്തിന് പ്രാധാന്യം നൽകി തുടങ്ങിയിരിക്കുന്നു. സംസ്ഥാന സർക്കാർ മാത്രം അംഗീകരിച്ച പദ്ധതിയെ വേണമെങ്കിൽ തള്ളിക്കളയാനുള്ള ധൈര്യം വനംവകുപ്പിന് കാണിക്കാം. കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം വനസംരക്ഷണത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ജാഗ്രത പുലർത്തുന്നുണ്ട്. കേന്ദ്ര സർക്കാറിനെ പോലും വിലയ്ക്കെടുക്കാൻ കഴിയുന്ന വലിയ ലോബികൾക്ക് മാത്രമെ ഇന്ന് എളുപ്പത്തിൽ കാട് വെട്ടിപിടിക്കാൻ കഴിയൂ.

**സുപ്രീംകോടതി വനസംരക്ഷണത്തിൽ താത്പര്യം കാണിക്കുന്നുണ്ടെങ്കിലും പല കേസുകളിലും വനംവകുപ്പ് പരാജയം ആവർത്തിക്കുകയാണ്. നിയമങ്ങളുടെ അപര്യാപ്തതയാണോ വനംവകുപ്പിന്റെ കാര്യക്ഷമതയാണോ പ്രശ്നം?**

നിയമങ്ങൾക്ക് അപര്യാപ്തയില്ല. നിയമം നടപ്പിലാക്കേണ്ടവർ വസ്തുനിഷ്ഠമായി പ്രവർത്തിക്കാത്തതാണ് കുഴപ്പം. നെല്ലിയാമ്പതി കേസുകളിലെല്ലാം അതാണ് സംഭവിച്ചത്. രേഖകളിലുള്ള ഭൂമിയുടെ കണക്കിലും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ കണക്കിലും വ്യത്യാസമുണ്ട്. കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ കണക്ക് കോടതിയെ ബോധ്യപ്പെടുത്താൻ വനംവകുപ്പ് പരാജയപ്പെടുന്നു. ഗവൺമെന്റ് പ്ലീഡർമാരുടെ പ്രശ്നമല്ല. പല ഡി.എഫ്.ഒ മാരും കൊടുക്കുന്ന റിപ്പോർട്ടിന്റെ അപാകതയാണ് പ്രശ്നം. എനിക്ക് പരിചയമുള്ള പല സംഭവങ്ങളിലും കേസിൽപ്പെട്ട സ്ഥലം ഭൂമിശാസ്ത്രപരമായി നിർണ്ണയിക്കുന്നതിൽ വനംവകുപ്പ് പരാജയപ്പെട്ടതാണ് പല കേസും പരാജയപ്പെടാൻ കാരണമായിത്തീർന്നത്. ഇന്ന് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം പോലെയുള്ള സൗകര്യങ്ങളുണ്ടായിട്ടും ഭൂമി അളക്കാൻ കഴിയുന്നില്ല.

**കേരളത്തിന്റെ ഭാവിയെ പശ്ചിമഘട്ടം എങ്ങനെയാണ് നിർണ്ണയിക്കാൻ പോകുന്നത്?**

ശുദ്ധമായ വെള്ളം കിട്ടുന്ന സ്ഥലമാണ് എന്നതാണ് കേരളത്തിന്റെ പ്രധാന സവിശേഷത. ഇത്രയും ശുദ്ധമായ വെള്ളം കിട്ടുന്ന സ്ഥലം മറ്റൊരിടത്തും ഞാൻ കണ്ടിട്ടില്ല. പശ്ചിമഘട്ടത്തിലെ വനങ്ങളാണ് ആ ജലസമ്പന്നത അതുപോലെ നിലനിർത്തുന്നത്. അതുകൊണ്ട് ശുദ്ധജലത്തിന്റെ സംരക്ഷണം കൂടിയാണ് നമുക്ക് വനസംരക്ഷണം. നല്ല വെള്ളം കിട്ടാനുള്ള സ്രോതസ്സായി പശ്ചിമഘട്ടം നമുക്ക് സംരക്ഷിക്കാൻ കഴിയണം. ആ വീക്ഷണകോണിൽ നിന്നുകൊണ്ട് പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ജനങ്ങളോട് സംസാരിക്കണം. പശ്ചിമഘട്ടം നമുക്ക് എന്ത് തരുന്നു എന്നതിനെക്കുറിച്ച് ബോധ്യമുണ്ടായാൽ സ്വാഭാവികമായും ജനം അത് സംരക്ഷിക്കാൻ തയ്യാറാകും. ഹിമാലയം നേരിടുന്നതുപോലെയുള്ള ഒരു ഭീഷണി നിലവിൽ പശ്ചിമഘട്ടം നേരിടുന്നില്ല. സംരക്ഷണപ്രവർത്തനങ്ങൾക്ക് അതുകൊണ്ടുതന്നെ സാധ്യതകൾ ഏറെയാണ്.

**തിരിഞ്ഞുനോക്കുമ്പോൾ ഔദ്യോഗിക ജീവിതം സന്തോഷം തരുന്നുണ്ടോ?**

വനംവകുപ്പ് വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി തുടങ്ങിയ കാലത്താണ് ഞാൻ ജോലിയിൽ പ്രവേശിക്കുന്നത്. അതുകൊണ്ട് വലിയ വൈരുദ്ധ്യങ്ങളില്ലാതെ പണിയെടുക്കാൻ കഴിഞ്ഞു. ശത്രുക്കളെ ഉണ്ടാക്കേണ്ടിവന്നില്ല. മനസ്സിൽ കൊണ്ടുനടന്ന പല സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. ഒരു തടിക്കച്ചവടക്കാരാനാകേണ്ടി വന്നില്ല എന്നതാണ് ഏറ്റവും സന്തോഷമുള്ള കാര്യം. പങ്കാളിത്ത വനപരിപാലന പരിപാടിയുടെ അമരത്ത് പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതും സന്തോഷമുള്ള കാര്യമാണ്. പങ്കാളിത്ത വനപരിപാലനത്തിന്റെ പ്രഖ്യാപിത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുതന്നെ വനാശ്രിതർക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന തരത്തിലേക്ക് വനംവകുപ്പിനെ മാറ്റിയെടുക്കാൻ കഴിഞ്ഞു.

**എന്നിട്ടും സർവ്വീസ് പൂർത്തിയാക്കാതെ രാജിവച്ചത് എന്തിനായിരുന്നു?**

തികച്ചും വ്യക്തിപരമായ കാരണങ്ങളാണ്. പങ്കാളിത്ത വനപരിപാലനത്തിൽ നിന്നും എന്നെ മാറ്റി നിർത്തി. എന്നെ ഒഴിവാക്കിയതുകൊണ്ട് പലർക്കും നേട്ടമുണ്ടാവുകയും ചെയ്തു. കൂടുതൽ വിശദീകരിക്കാനില്ല.